"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സി.എസ്.ഐ.എൻ.ഡി - കോവളം - ബേക്കൽ ജലപാതാ വികസനം - വർക്കല ഭാഗത്ത് ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ ' പുനർഗേഹം ' പദ്ധതി മാതൃകയിലുള്ള പുനരധിവാസം - വാടകയിനത്തിൽ ധനസഹായം നൽകുന്നതിന് 44 ലക്ഷം രൂപ കിഫ്ബി ഫണ്ട് അനുവദിക്കുന്നത്- അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.62/2025/CSIND തീയതി,തിരുവനന്തപുരം, 24-12-2025

പരാമർശം:-

1. സ.ഉ.(സാധാ) നം.7/2020/സി.എസ്.ഐ.എൻ.ഡി, തീയതി 16/03/2020.
2. സ.ഉ.(സാധാ.) നം.12/2021/സി.എസ്.ഐ.എൻ.ഡി, തീയതി 16/07/2021.
3. സ.ഉ.(കൈ.) നം.3/2022/സി.എസ്.ഐ.എൻ.ഡി, തീയതി 02/07/2022.
4. സ.ഉ.(സാധാ) നം.1/2023/സി.എസ്.ഐ.എൻ.ഡി, തീയതി 06/01/2023.
5. ചീഫ് എഞ്ചിനീയർ, കിൽ സമർപ്പിച്ച 28/06/2025- ലെ CE/KWIL/140/2024 നമ്പർ കത്ത്.
6. ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറുടെ 21/08/2025 — ലെ W6-208/CE/IN/2019 നമ്പർ കത്ത്.

**ഉത്തരവ്**

കോവളം - ബേക്കൽ വെസ്റ്റ് കോസ്റ്റ് കനാൽ ജലപാത വികസനത്തിന്റെ ഭാഗമായി ടി. എസ് കനാലിന്റെ വർക്കല ഭാഗത്ത് കനാൽ പുറമ്പോക്കിൽ താമസിക്കുന്ന 60 കുടുംബങ്ങളെ ഫിഷറീസ് വകുപ്പിന്റെ 'പുനർഗേഹം' പദ്ധതി മാതൃകയിൽ ഇൻലാന്റ് നാവിഗേഷൻ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ ചെലവിൽ പുനരധിവസിപ്പിക്കുന്നതിന് പരാമർശം (1) പ്രകാരവും, 16 കുടുംബങ്ങളെ കൂടി ഇപ്രകാരം പുനരധിവസിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരവും ഭരണാനുമതി നല്കിയിരുന്നു. മേൽപറഞ്ഞ പ്രകാരമുള്ള 'പുനർഗേഹം' മാതൃകയിലുള്ള പുനരധിവാസ പദ്ധതിയിൽ ഉൾപ്പെട്ടതും, പുനരധിവാസം പൂർത്തിയാക്കാൻ ബാക്കിയുള്ളതുമായ 36 കുടുംബങ്ങളുടെ പുനരധിവാസ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തിയാക്കുന്നതിന് 1,61,98,012/- രൂപയും, പുനരധിവസിപ്പിക്കേണ്ടതായി പിന്നീട് കണ്ടെത്തിയ 3 കുടുംബങ്ങളുടെ പുനരധിവാസത്തിനായി 30,00,000/- രൂപയും, കെട്ടിടം ഒഴിയാതെ അവശേഷിക്കുന്ന 30 കുടുംബങ്ങൾക്ക് വാടക, മറ്റു ചെലവുകൾ എന്നിവ നല്കുന്നതിന് 30,00,000/- രൂപയും ഉൾപ്പെടെ ആകെ 2,21,98,012/- രൂപ (രണ്ട് കോടി ഇരുപത്തിയൊന്ന് ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി പന്ത്രണ്ട് രൂപ) കിഫ്ബി ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരവും ഭരണാനുമതി നല്കിയിരുന്നു. ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ 'പുനർഗേഹം' മാതൃകയിലുള്ള പുനരധിവാസ പദ്ധതിയിൽ ഉൾപ്പെട്ടതിൽ തുക നല്കാൻ ബാക്കിയുള്ള 39 കുടുംബങ്ങൾക്ക് / ഗുണഭോക്താക്കൾക്ക് 10 ലക്ഷം രൂപയിൽ അർഹമായ തുക

ഒറ്റഗഡുവായി നല്കുന്നതിനും വാടകയ്ക്ക് മാറി താമസിക്കുന്നതിന് അർഹതയുള്ളവർക്ക് അനുവദിക്കുന്ന 1 ലക്ഷം രൂപ ഒറ്റഗഡുവായി നല്കുന്നതിനും അനുമതി നല്കി പരാമർശം (4) പ്രകാരവും ഉത്തരവായിരുന്നു.

2. പുനർഗേഹം മാതൃകയിലുള്ള പുനരധിവാസ പദ്ധതിയിൽ ഉൾപ്പെട്ട 76 കുടുംബങ്ങളിൽ 9 കുടുംബങ്ങൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പുനർഗേഹം പദ്ധതിയുടെ തനത് ഫണ്ടിൽ ഉൾപ്പെട്ടിട്ടുള്ളതാണെന്നും, ഒരു കുടുംബത്തെ അർഹതാലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണെന്നും, 76 കുടുംബങ്ങളിൽ മേൽ പറഞ്ഞ 10 കുടുംബങ്ങൾ ഒഴികെ 66 കുടുംബങ്ങളിൽ 30 പേർക്ക് ആനുകൂല്യം ( ഭൂമിയ്ക്ക് 6 ലക്ഷം + വീടിന് 4 ലക്ഷം- ആകെ 10 ലക്ഷം) ഫിഷറീസ് വകുപ്പ് മുഖേന പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ടെന്നും, പുനരധിവാസം പൂർത്തിയാകാൻ ബാക്കിയുണ്ടായിരുന്ന 36 കുടുംബങ്ങളും, അധികമായി പുനരധിവസിപ്പിക്കേണ്ടതുണ്ടെന്ന് കണ്ടെത്തിയ 3 കുടുംബങ്ങളും ചേർന്ന് 39 കുടുംബങ്ങൾക്കായി കിഫ്ബി ഫണ്ടിൽ നിന്നും തുക അനുവദിച്ചതിൽ 37 കുടുംബങ്ങൾക്ക് പുനരധിവാസ തുക പൂർണ്ണമായും അനുവദിച്ചിട്ടുണ്ടെന്നും ശേഷിക്കുന്ന 2 കുടുംബങ്ങളിൽ ഒരാൾക്ക് ആനുകൂല്യത്തിന് അർഹതയില്ലെന്നും, മറ്റൊരാൾ മരണപ്പെട്ടതിനാൽ ആനുകൂല്യം ഭാര്യയ്ക്ക് നൽകുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണെന്നും, കനാൽ പുറമ്പോക്കിൽ നിന്നും ഒഴിഞ്ഞ് പോകാതിരുന്ന 30 കുടുംബങ്ങൾക്കായി വാടകയും മറ്റ് ചെലവിനങ്ങളിലുമായി 1 ലക്ഷം രൂപ വീതം അനുവദിച്ചതിൽ 23 കുടുംബങ്ങൾക്ക് തുക വിതരണം ചെയ്തതായും ശേഷിക്കുന്ന 7 കുടുംബങ്ങൾ ഒഴിഞ്ഞ് പോയതിനാൽ തുക വിതരണം ചെയ്തിട്ടില്ലെന്നും പരാമർശം (5) കത്ത് പ്രകാരം ചീഫ് എഞ്ചിനീയർ, കിിൽ അറിയിച്ചിരുന്നു. മേൽ പറഞ്ഞ കുടുംബങ്ങൾക്ക് വാടകയിനത്തിൽ അനുവദിക്കുന്നതിന് 44 കുടുംബങ്ങൾക്ക് 1 ലക്ഷം രൂപ വീതം 44 ലക്ഷം രൂപയും 10 കുടുംബങ്ങൾക്ക് 70000/- രൂപ വീതം 7 ലക്ഷം രൂപയും ഉൾപ്പടെ 51 ലക്ഷം രൂപ ഇനി വേണ്ടി വരുമെന്നും ലഭ്യമായ കിഫ്ബി ഫണ്ടിൽ വാടകയിനത്തിൽ 7 ലക്ഷം രൂപ ശേഷിക്കുന്നതിനാൽ, ടി. 7 ലക്ഷം രൂപ കഴിച്ച് ബാക്കി 44 ലക്ഷം രൂപ കൂടി കിഫ്ബി ഫണ്ടിൽ നിന്നും അധികമായി അനുവദിക്കണമെന്ന് വാടക തുകയ്ക്ക് അർഹരായ 54 കുടുംബങ്ങളുടെ ലിസ്റ്റ് സഹിതം ചീഫ് എഞ്ചിനീയർ, കിിൽ ആവശ്യപ്പെടുകയുണ്ടായി. ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർ ഇക്കാര്യം പരാമർശം (6) പ്രകാരം ശിപാർശ ചെയ്തിട്ടുമുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുനർഗേഹം പദ്ധതി മാതൃകയിൽ നടപ്പാക്കിയ പുനരധിവാസ പദ്ധതിയിൽ ഉൾപ്പെട്ട അനുബന്ധത്തിൽ ചേർത്തിരിക്കുന്ന 54 കുടുംബങ്ങൾക്ക് വാടകയിനത്തിൽ ധനസഹായം അനുവദിക്കുന്നതിനായി 44 ലക്ഷം രൂപ കൂടി കിഫ്ബി ഫണ്ട് അനുവദിക്കുന്നതിന് അനുമതി നൽകിയും പുനർഗേഹം പദ്ധതി മാതൃകയിലുള്ള പുനരധിവാസ പദ്ധതി പൂർത്തിയാക്കുന്നതിനായി കിഫ്ബി ധനസഹായം ലഭ്യമാക്കുന്ന ആകെ കുടുംബങ്ങളുടെ എണ്ണം 39 എന്നത് 77 ആയി പരിഷ്കരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും, ആലപ്പുഴ.
ഡയറക്ടർ, ഉൾനാടൻ ജലഗതാഗത വകുപ്പ്, ആശ്രാമം ,കൊല്ലം.
മാനേജിംഗ് ഡയറക്ടർ/ചീഫ് എഞ്ചിനീയർ, കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ്

(KWIL), കൊച്ചി എയർപോർട്ട് ബിൽഡിംഗ്, കൊച്ചി.
ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി, തിരുവനന്തപുരം.
ജില്ലാകളക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്.
ധനകാര്യ ( INFRA7/53/2025-FIN, തീയതി 19/11/2025) വകുപ്പ്.
വിവരപൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി പകർപ്പ് ( എ2/117/2025/സി.എസ്.ഐ.എൻ.ഡി) .

ഉത്തരവിൻ പ്രകാരം

Signed by
Bimal V
Date: 26-12-2025 11:24:55
സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ
സെക്രട്ടറിയുടെ പി.എ.യ്ക്ക്.

24-12-2025 തീയതിയിലെ സ.ഉ.(സാധാ) നം.62/2025/CSIND പ്രകാരമുള്ള ലിസ്റ്റ്

പുനർഗേഹം പദ്ധതിയിൽ ഉൾപ്പെട്ടതും വാടക തുക അനുവദിക്കാവുന്നതുമായ 54 കുടുംബങ്ങളുടെ പട്ടിക.

| ക്രമ നം. | അംഗീകാരം നൽകിയ ലിസ്റ്റിലെ നം. | പേര് | മേൽവിലാസം | വാടക ഇനത്തിൽ അനുവദിച്ച തുക | വാടക ഇനത്തിൽ ഇനി അനുവദിക്കേണ്ട തുക |
|---|---|---|---|---|---|
| 1 | 57/60 | ഫാത്തിമ | കനാൽ പുറമ്പോക്ക്, രാമന്തളി | 0 | 100000 |
| 2 | 16/16 | സൗദാമണി | കനാൽ പുറമ്പോക്ക്, വെട്ടൂർ | 0 | 100000 |
| 3 | 15/16 | സജീല മുജീബ് | കനാൽ പുറമ്പോക്ക്, വെട്ടൂർ | 0 | 100000 |
| 4 | 20/60 | നസീമ | കനാൽ പുറമ്പോക്ക്, വെട്ടൂർ | 0 | 100000 |
| 5 | 58/60 | അമ്മിണി | ലക്ഷമണാലയം, രാമന്തളി, വർക്കല. | 0 | 100000 |
| 6 | 24/60 | നദീറ | കനാൽ പുറമ്പോക്ക്, ചിലക്കൂർ, വർക്കല | 0 | 100000 |
| 7 | 25/60 | സൗദാബീവി | കടയിൽ വീട് , കനാൽ പുറമ്പോക്ക്, ചിലക്കൂർ | 0 | 100000 |
| 8 | 44/60 | അസീബ | ചിറയിൽ വീട്, കനാൽ പുറമ്പോക്ക് , ചിലക്കൂർ | 0 | 100000 |
| 9 | 51/60 | നിഷാന | കനാൽ പുറമ്പോക്ക് , ചിലക്കൂർ, വർക്കല | 0 | 100000 |
| 10 | 35/60 | സുലൈഖ | കനാൽ പുറമ്പോക്ക് ,തൊട്ടിൽപാലം ചിലക്കൂർ, | 0 | 100000 |
| 11 | 56/60 | ലത്തീഫാ ബീവി | കനാൽ പുറമ്പോക്ക് , ചിലക്കൂർ, വർക്കല | 0 | 100000 |
| 12 | 27/60 | ബീമ | കനാൽ പുറമ്പോക്ക് , ചിലക്കൂർ, വർക്കല | 0 | 100000 |
| 13 | 32/60 | സജിത | കനാൽ പുറമ്പോക്ക് , ചിലക്കൂർ, വർക്കല | 0 | 100000 |
| 14 | 60/60 | അലീമ | കനാൽ പുറമ്പോക്ക് , ചിലക്കൂർ, വർക്കല | 0 | 100000 |
| 15 | 34/60 | സുബൈദാ | കനാൽ പുറമ്പോക്ക് , | 0 | 100000 |

| | | | | | |
|---|---|---|---|---|---|
| | | ബീവി | ചിലക്കൂർ, വർക്കല | | |
| 16 | 26/60 | സുഹ്റാ ബീവി | കനാൽ പുറമ്പോക്ക് , ചിലക്കൂർ, വർക്കല | 0 | 100000 |
| 17 | 33/60 | മൈമൂനത് | കനാൽ പുറമ്പോക്ക് , ചിലക്കൂർ, വർക്കല | 0 | 100000 |
| 18 | 54/60 | മുംതാസ് | കനാൽ പുറമ്പോക്ക് ,തൊട്ടിൽപാലം, ചിലക്കൂർ | 0 | 100000 |
| 19 | 52/60 | സൗദാബീവി | കനാൽ പുറമ്പോക്ക് , ചിലക്കൂർ, | 0 | 100000 |
| 20 | 53/60 | അസീന | കനാൽ പുറമ്പോക്ക് , ചിലക്കൂർ | 0 | 100000 |
| 21 | 42/60 | ജലീല | കനാൽ പുറമ്പോക്ക് , ചിലക്കൂർ | 0 | 100000 |
| 22 | 39/60 | സുനീത | ചിറയിൽ വീട്, കനാൽ പുറമ്പോക്ക് , ചിലക്കൂർ | 0 | 100000 |
| 23 | 38/60 | സബീല | സബീല മൻസിൽ കനാൽ പുറമ്പോക്ക് , ചിലക്കൂർ, വർക്കല | 0 | 100000 |
| 24 | 50/60 | അസീന | കനാൽ പുറമ്പോക്ക് , ചിലക്കൂർ, വർക്കല | 0 | 100000 |
| 25 | 15/60 | സബീല | കനാൽ പുറമ്പോക്ക് , വെട്ടൂർ | 0 | 100000 |
| 26 | 45/60 | കുഞ്ഞുമോൾ | കനാൽ പുറമ്പോക്ക് , ചിലക്കൂർ, വർക്കല | 0 | 100000 |
| 27 | 47/60 | ബീവി സുലൈഖ | കനാൽ പുറമ്പോക്ക് , ചിലക്കൂർ, | 0 | 100000 |
| 28 | 48/60 | ലുബിന | കനാൽ പുറമ്പോക്ക് , ചിലക്കൂർ, വർക്കല | 0 | 100000 |
| 29 | 55/60 | സബീല | കനാൽ പുറമ്പോക്ക് , ചിലക്കൂർ, വർക്കല | 0 | 100000 |
| 30 | 22/60 | സജീന | കനാൽ പുറമ്പോക്ക് , ചിലക്കൂർ, വർക്കല | 0 | 100000 |
| 31 | 23/60 | നാസർ | കനാൽ പുറമ്പോക്ക് , ചിലക്കൂർ, വർക്കല | 0 | 100000 |
| 32 | 31/60 | ഫസീല | കനാൽ പുറമ്പോക്ക് , ചിലക്കൂർ, വർക്കല | 0 | 100000 |
| 33 | 30/60 | അയിഷ | കനാൽ പുറമ്പോക്ക് , ചിലക്കൂർ, വർക്കല | 0 | 100000 |
| 34 | 29/60 | ഫസീല ബീഗം | കനാൽ പുറമ്പോക്ക് , ചിലക്കൂർ, വർക്കല | 0 | 100000 |
| 35 | 37/60 | സബീന | കനാൽ പുറമ്പോക്ക് , | 0 | 100000 |

| | | | | | |
|---|---|---|---|---|---|
| 36 | 36/60 | നൗഷാദ് | ചിലക്കൂർ, വർക്കല കനാൽ പുറമ്പോക്ക് ,ചിലക്കൂർ, വർക്കല | 0 | 100000 |
| 37 | 3/16 | നബീസ ബീവി | കനാൽ പുറമ്പോക്ക് , വെട്ടൂർ, വർക്കല | 0 | 100000 |
| 38 | 21/60 | ലത്തീഫാ ബീവി (ജാസിം) | കനാൽ പുറമ്പോക്ക് ,ചിലക്കൂർ, വർക്കല | 0 | 100000 |
| 39 | 1/16 | സുബൈർ എ | കനാൽ പുറമ്പോക്ക് , വെട്ടൂർ, വർക്കല | 0 | 100000 |
| 40 | 2/16 | സാഹിറ | കനാൽ പുറമ്പോക്ക് , വെട്ടൂർ, വർക്കല | 0 | 100000 |
| 41 | 1/60 | നബീസ ബീവി | കനാൽ പുറമ്പോക്ക് , ചിലക്കൂർ, വർക്കല | 0 | 100000 |
| 42 | 4/16 | അലീമ ബീഗം | കനാൽ പുറമ്പോക്ക് , ചിലക്കൂർ, വർക്കല | 0 | 100000 |
| 43 | 6/16 | സാറ ഉമ്മ | കനാൽ പുറമ്പോക്ക് , വെട്ടൂർ, വർക്കല | 0 | 100000 |
| 44 | 9/60 | ഷാനവാസ് | കനാൽ പുറമ്പോക്ക് , വെട്ടൂർ, വർക്കല | 0 | 100000 |
| 45 | 59/60 | ഹയറുനിസ | കനാൽ പുറമ്പോക്ക് , വെട്ടൂർ, | 30000 | 70000 |
| 46 | 7/60 | നൂർജഹാൻ | കനാൽ പുറമ്പോക്ക് , വെട്ടൂർ, | 30000 | 70000 |
| 47 | 10/60 | ഫസീല | കനാൽ പുറമ്പോക്ക് , വെട്ടൂർ, | 30000 | 70000 |
| 48 | 5/60 | നദീറ | കനാൽ പുറമ്പോക്ക് , വെട്ടൂർ, വർക്കല | 30000 | 70000 |
| 49 | 4/60 | ഷക്കീല | കനാൽ പുറമ്പോക്ക് , വെട്ടൂർ, വർക്കല | 30000 | 70000 |
| 50 | 2/60 | ഷാഹിന ബീഗം | കനാൽ പുറമ്പോക്ക് , വെട്ടൂർ | 30000 | 70000 |
| 51 | 6/60 | നബീസ | കനാൽ പുറമ്പോക്ക് , വെട്ടൂർ, വർക്കല | 30000 | 70000 |
| 52 | 8/60 | ആസാദ് (മരണപ്പെട്ട ആബിദ ബീവിയുടെ മകൻ) | കനാൽ പുറമ്പോക്ക് , വെട്ടൂർ | 30000 | 70000 |
| 53 | 3/60 | സൈനബ | കനാൽ പുറമ്പോക്ക് , വെട്ടൂർ, വർക്കല | 30000 | 70000 |
| 54 | 5/16 | നബീസ | കനാൽ പുറമ്പോക്ക് , | 30000 | 70000 |

| | | | | | | |
|---|---|---|---|---|---|---|
| | | | വെട്ടൂർ, വർക്കല | | | |